2. 1986 മാർച്ച് 11-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 41/86/പി.ഡബ്ല്യു.ആൻറ് റി. (എസ്.ആർ.ഒ.നമ്പർ 433/86).

3. 1985 സെപ്റ്റംബർ 18-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 27/85/റി.ആർ.ഡി. (എസ്.ആർ.ഒ. നമ്പർ 1243/85).

4. 1986 ഫെബ്രുവരി 18-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 30/86/പി. ഡബ്ല്യു.ആൻറ് റി. (എസ്.ആർ.ഒ. നമ്പർ 272/86).

5. 1985 ഫെബ്രുവരി 19-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 33/86/പി. ഡബ്ല്യു.ആൻറ് റി. (എസ്.ആർ.ഒ. നമ്പർ 316/86).

6. 1986 മാർച്ച് 3-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 36/86/പി.ഡബ്ല്യു. ആൻറ് റി. (എസ്.ആർ.ഒ.നമ്പർ 359/86).

VII. നക്ഷത്രചിഹ്നമിട്ട 2-ാം നമ്പർ ചോദ്യത്തിന് (പഞ്ചായത്ത് തെരഞ്ഞെടുപ്പ്) നൽകിയ ഉത്തരത്തിന് മന്ത്രി നൽകിയ തിരുത്തൽ

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ, ഇന്നലെ ചോദ്യോത്തര വേളയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ പഞ്ചായത്ത് തെരഞ്ഞെടുപ്പിനെക്കുറിച്ച് ഹൈക്കോടതിയിൽനിന്ന് കമ്മ്യൂണിക്കേഷൻ വന്നിട്ടുണ്ടോ എന്നു ചോദിച്ചു. അതിന് വന്നിട്ടില്ലായെന്ന് ഞാൻ മറുപടി പറഞ്ഞു. അതിൽ ഒരു തെറ്റു പറ്റിയിട്ടുണ്ട്. ഞാൻ അസംബ്ലി യോഗം കഴിഞ്ഞ് ആഫീസിൽ എത്തിയപ്പോഴാണ്. 20-6-86 ലെ കമ്മ്യൂണിക്കേഷൻ എനിക്ക് കിട്ടുന്നത്. അതിൽ കമ്മ്യൂണിക്കേഷൻ ഡിലേ വന്നിട്ടുണ്ട്. സർക്കാരിനുവേണ്ടി ഞാൻ ഇതിൻറെ ഉത്തരവാദിത്വം ഏൽക്കുന്നു. തെറ്റു പറ്റിയതിന് ഞാൻ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു. (ബഹളം)

മി. സ്പീക്കർ: ഇതു സംബന്ധിച്ച് ചർച്ചയൊന്നും ഇല്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഇന്നലെ നിയമസഭാ സമ്മേളനം കഴിഞ്ഞ് ആഫീസിൽ എത്തിയപ്പോഴാണ് ഈ കമ്മ്യൂണിക്കേഷൻ കാണുന്നത്. സഭ കഴിഞ്ഞശേഷം ഇന്നലെ വൈകുന്നേരം അദ്ദേഹം ഫോണിൽ വിളിച്ചിരുന്നു. ഏതായാലും ഇത് അദ്ദേഹത്തിൻറെ ശ്രദ്ധയിൽപ്പെട്ടു ഉടനെതന്നെ അദ്ദേഹം സദുദ്ദേശപരമായി അറിയിച്ചു. പക്ഷേ ഒരു കാര്യം 20/6ന് കിട്ടിയ ഒരു കമ്മ്യൂണിക്കേഷൻ ഇവിടെ കിട്ടുന്നതിന് സമയം നീണ്ടുപോയി എന്നുള്ളതു ഇനി ആവർത്തിക്കാതിരിക്കുവാൻ ശ്രമിക്കേണ്ടതാണ്.

VIII. ധനകാര്യമന്ത്രിയുടെ പ്രസ്താവന

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, സംസ്ഥാന നിയമസഭ ഇപ്രാവശ്യം കൂടിയിരിക്കുന്നത് മുഖ്യമായും 1986–87–ലേക്കുള്ള ധനാഭ്യർത്ഥനകൾ ചർച്ച ചെയ്ത് പാസ്സാക്കാനാണല്ലോ? എൻറെ ബഹുമാന്യനായ മുൻഗാമി 1986 മാർച്ച് 21–ാം തീയതി ഈ സഭയിൽ അവതരിപ്പിച്ച 86–87 ലേക്കുള്ള ബഡ്ജറിനേയും അതു സംബന്ധിച്ച് പാർലമെൻറിൽ ഒരു ചോദ്യത്തിന് മറുപടിയായി കേന്ദ്ര ധനകാര്യ സഹമന്ത്രി നൽകിയ മറുപടിയേയുംപറ്റി സംസ്ഥാനത്ത് വിവാദപരമായ ചർച്ചകൾ നടക്കുകയുണ്ടായി. ഈ വിവാദത്തിലെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly